ഉത്തരം

(എ) ഐ.സി,ഡി.എസ് സൂപ്പർവൈസർ തസ്തികയിൽ മൊത്തം 278 ഒഴിവുകളുണ്ട്. ഈ ഒഴിവുകൾ 1996-ൽ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ഐ.സി.ഡി.എസ് സൂപ്പർവൈസർ തസ്തികയിൽ പി.എസ്.സി പരീക്ഷ നടത്തിയത് ജില്ലാടിസ്ഥാനത്തിലായിരുന്നില്ല. റാങ്ക് ലിസ്റ്റ് ഇതുവരെയും പ്രസിദ്ധീകരിച്ചിട്ടില്ല.

49 (551) കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ പ്രവർത്തനം

ശ്രീമതി എൻ.കെ. രാധ :
ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. പി. വിശ്വൻ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ ഇപ്പോൾ ഏറ്റെടുത്തു നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്;

(ബി) ഈ പദ്ധതികൾ മുഖേന കഴിഞ്ഞ മൂന്നു വർഷത്തിനിടയിൽ എത്ര വനിതകൾക്ക് ആനുകൂല്യങ്ങൾ നൽകിയെന്ന് വെളിപ്പെടത്തുമോ;

(സി) ഈ കോർപ്പറേഷന്റെ പ്രവർത്തങ്ങൾ ഗ്രാമീണമേഖലയിലെ വനിതകളിൽ കൂടുതൽ വ്യാപിപ്പിക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ തയാറാക്കിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വനിതാ വികസന കോർപ്പറേഷൻ താഴെ പറയുന്ന പദ്ധതികൾ ഇപ്പോൾ നടപ്പിലാക്കുന്നുണ്ട്.

1) ദേശീയ ന്യൂനപക്ഷ വികസന ധനകാര്യകോർപ്പറേഷന്റെയും ദേശീയ പിന്നോക്കവിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റെയും ധനസഹായത്തോടെ നടപ്പിലാക്കുന്ന സ്വയംതൊഴിൽ വായ്പാപദ്ധതികൾ

2) പൊതു വിഭാഗത്തിനുള്ള സ്വയംതൊഴിൽ വായ്പകൾ

3) വനിതാ സംഘടനകൾക്കും വനിതാസഹകരണ സംഘങ്ങൾക്കും നൽകുന്ന സ്വയം തൊഴിൽ വായ്പകൾ.

4) സാങ്കേതിക പരിശീലന പരിപാടികൾ

5) കേന്ദ്രഗവൺമെന്റിന്റെ "നൊറാഡ്" പദ്ധതി അനുസരിച്ചുള്ള ഉല്പാദനപരിശീലന കേന്ദ്രങ്ങൾ.

6) കേന്ദ്ര ഗവൺമെന്റിന്റെ സ്റ്റെപ് പദ്ധതി അനുസരിച്ച് കോഴിക്കോട്, മലപ്പുറം ജില്ലകളിൽ നടപ്പാക്കുന്ന ഫിഷറീസ് പ്രോജക്ട്.

7) വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ

LIBRARY ARCHIVES Kerala Legislative Assembly

8) വനിതാ വ്യവസായ ഉൽപ്പന്ന വിപണനമേളകൾ/ബോധവൽക്കരണ ക്യാംപുകൾ.

(ബി) കഴിഞ്ഞ മൂന്നു സാമ്പത്തിക വർഷങ്ങളിലായി 6,042 വനിതകൾക്ക് ആനുകൂല്യങ്ങൾ ലഭിച്ചിട്ടുണ്ട്.

(സി)&(ഡി)കോർപ്പറേഷന്റെ കീഴിലുള്ള പദ്ധതികളിൽ മിക്കതും സ്ഥാപിച്ചിട്ടുള്ളത് ഗ്രാമീണ മേഖലയിലാണ്. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് അതതു ഗ്രാമപഞ്ചായത്തുകളുടെ സഹകരണം തേടുന്നുണ്ട്. സ്വയം തൊഴിൽ പദ്ധതി പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ ഗ്രാമീണമേഖലയിൽ നടത്താവുന്ന തൊഴിൽസംരംഭങ്ങൾക്ക് മുൻഗണന നൽകുന്നുണ്ട്.

50 (552) സംസ്ഥാനത്തെ അംഗൻവാടികളുടെ പ്രവർത്തനം

ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. സി. എൻ. ജയദേവൻ :
ശ്രീമതി ആർ. ലതാദേവി :
പ്രൊഫസർ മീനാക്ഷി തമ്പാൻ :

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്): താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ സർക്കാർ എടുത്തിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(ബി) അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും നിലവിലുള്ള സേവന-വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) അംഗൻവാടി ജീവനക്കാരെ സർക്കാർ സർവ്വീസിൽ റഗുലറൈസ് ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) അംഗൻവാടി ജീവനക്കാർക്ക് ആരോഗ്യവിദ്യാഭ്യാസ-സാമൂഹ്യക്ഷേമ മേഖലകളിൽ കൂടുതലായി പ്രവർത്തിക്കുന്നതിന് അവസരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അംഗൻവാടികളുടെ പ്രവർത്തനം ബഹുജനപങ്കാളിത്തത്തോടെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി താഴെപ്പറയുന്ന ചുമതലകൾ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിക്കഴിഞ്ഞു.

1) അംഗൻവാടിയിലെ കുട്ടികൾക്ക് ഭക്ഷണം നൽകുന്നതിനുള്ള പരിപാടികൾ നടപ്പിലാക്കുക.

2) ശിശുക്ഷേമ പദ്ധതികൾ നടപ്പിലാക്കുക.

3) അംഗൻവാടി കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും അവർക്ക് മേൽനോട്ടം വഹിക്കുകയും ചെയ്യുക.

4) അംഗൻവാടി കേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുക.

LIBRARY ARCHIVES Kerala Legislative Assembly